"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 43-ാമത് സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം - തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3072/2022/LSGD    തീയതി,തിരുവനന്തപുരം, 12-12-2022

---

പരാമർശം:- കൊടുങ്ങല്ലൂർ എം.എൽഎ ശ്രീ. വി.ആർ സുനിൽ കുമാറിന്റെ 19.11.2022 ലെ VRS 358/11-22/Kdr നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊടുങ്ങല്ലൂർ ഗവ.ടെക്നിക്കൽ ഹൈസ്കൂളിൽ വച്ച് 2023 ജനുവരി 5,6,7 തീയതികളിൽ നടക്കുന്ന 43-ാമത് സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിന്റെ സംഘാടനത്തിനായി തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 10,000/- രൂപയും മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും 20,000 രൂപയും തനതു ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശ്രീ. വി.ആർ സുനിൽ കുമാർ, എം.എൽഎ പരാമർശം കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന കൊടുങ്ങല്ലൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ വച്ച് 2023 ജനുവരി 5,6,7 തീയതികളിൽ നടക്കുന്ന സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിന്റെ സംഘാടനത്തിനായി തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 10,000/- രൂപ വീതവും മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും 20,000 /- രൂപ വീതവും തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ധനസഹായം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ മുഖേന)
ബന്ധപ്പെട്ട നഗരസഭകൾ / കോർപ്പറേഷൻ (പകർപ്പ് നഗരകാര്യ ഡയറക്ടർ മുഖേന)
പ്രസിഡന്റ്/സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
കൺവീനർ ,ടെക്നിക്കൽ ഹൈസ്കൂൾ കലോൽസവം സംഘാടക സമിതി
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sheeba Beegom.a.m**
**Date: 12-12-2022 14:55:56**
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സ്